ശ്രീ. കെ. എ. മാത്യു: തിരുവിതാംകൂർ–കൊച്ചിസംസ്ഥാനത്തിലെ വില നിയന്ത്രിച്ചപ്പോൾ ഇവിടത്തെ വില ഇവിടെയുള്ള കർഷകർക്ക് നഷ്ടമുണ്ടാക്കുന്നതാണെന്നുള്ളതിനെപ്പറ്റി ഇൻഡ്യാ ഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വില താൽക്കാലികമല്ലെന്നു വരുകയാണെങ്കിൽ അതേപ്പറ്റി ഇൻഡ്യാഗവൺമെണ്ടിനെ അറിയിക്കുന്നതാണ്.

Sri. D. Gnanasigamoni: Is it the hon'ble Minister's opinion that this Government has no administrative responsibility in respect of this matter?

Sri. Panampilli Govinda Menon: It is not that. But this Government will have a voice in the matter.

മിസ്റ്റർ സ്പീക്കർ: ഇതു ഗവൺമെണ്ടിന്റെ ഭരണപരമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതാണെന്നും ഇതുസംബന്ധിച്ചു ഗവൺമെണ്ടു വേണ്ടതു ചെയ്യുന്നതാണെന്നും ബഹു. മന്ത്രി പ്രസ്താവിച്ചുകഴിഞ്ഞു. ആ കാരണങ്ങളാൽ ഈ അടിയന്തിരപ്രമേയം വാദപ്രതിവാദം നടത്താൻ അനുവദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

There is another adjournment motion form another hon'ble member of the House. But I do not find him now in the House. So it falls through.

ശ്രീ. കെ. അയ്യപ്പൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ അഡ്ജോൺമെന്റ് മോഷനും ഷാട്ട്നോട്ടീസ് കൊസ്റ്റ്യനും നോട്ടീസുകൊടുത്തു കഴിഞ്ഞു. അതു കൊടുക്കുന്ന മെമ്പർ ഹാജരാകാതെയിരിക്കുന്നതു ശരിയാണോ? അങ്ങിനെ സഭയുടെ സമയം കളയുന്നതിനനുവദിക്കേണ്ടതാണോ?

മിസ്റ്റർ സ്പീക്കർ: അങ്ങിനെ നോട്ടീസു കൊടുത്തതിനുശേഷം മെമ്പറന്മാർ ഹാജരാകാതിരിക്കുന്നതുകൊണ്ടു സഭയുടെ സമയം കൂടുതൽ കളയേണ്ടിവരുന്നില്ല. അങ്ങിനെ നോട്ടീസു് കൊടുത്തതിനു ശേഷം ഹാജരാകാതിരിക്കുന്നതിനെ തടയുന്നതിലേക്കു ചട്ടങ്ങളിൽ ഒന്നും കാണുന്നില്ല.

Sri.C . V. Iyyu: Sir, I too had given notice of an adjournment motion. Evidently it has been disallowed in the first instance. Is it the position, that it stands rejected?

Mr. Speaker: That was also attended to and dealt with in due course.

Sri. A. K. George: Sir, I have a point to make. A few da s back a question was raised in this House as to whether Mr. P. T. Chacko, an hon'b'e member of this House could continue his member ship in the present circumstances. The Chair also stated then that the views of the Advocate General will be heard in the matter. May I now know the decision arrived at on that matter.

Mr. Speaker: Steps have been taken to ascertain the relevant details connected with the matter. It is proposed to refer the question to the Advocate-General also for his opinion.

Sri. A. K. George: My point is whether the decision of the Advocate-General on this matter could be heard during this session ?

Mr. Speaker: The Advocate-General's advice will be taken as soon as the matter is ripe for reference to him and the necessary information will be duly placed before the House.

Sri. P. Balakrishnan Tampi: Sir, I stand complimented on being out of the House in connection with an urgent matter pertaining to myself.

Mr. Speaker: But the subject may be renewed again if necessary. Now we will proceed to the business of the day relating to supplementary grants.

DEMANDS FOR SUPPLEMENTARY GRANTS

Sri. A. Thanu Pillai: Sir, on a point of order. There is no provision in the Constitution allowing a token motion of the kind now sought to be moved. We

LIBRARY ARCHIVES Kerala Legislative Assembly

are now controlled by the Constitution and no doubt by the rules framed thereunder. But the rules have to comply with the provisions of the Constitution and exhaustive provisions are made in the Constitution itself. Now, this is a token demand and I submit it is not covered by the provisions of the Constitution. Sir, may I say what I have to say on the matter. The relevant provisions are Articles 202, 203, 204, 205 and 206.

Mr. Speaker: Let the Grant be formally moved first.

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** Sir, under Rule 52 (b) I move the token grant standing in my name *viz.*, for a provision of Rs. 100 under 18—Education—D. Secondary Education, I shall explain.

സർ, ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഒരു ലക്ഷം രൂപാ ഒരു ലംപ്സം പ്രൊവിഷനുണ്ട്. അതു് ഫുവു (ജെ) എന്നുള്ള ഒരു ഹെഡിംഗിലാണു് കൊള്ളിച്ചിരിക്കുന്നതു്. അതു് ആ ഗ്രാൻറ് ആവശ്യപ്പെട്ട അവസരത്തിൽതന്നെ അതിന്റെ ഉദ്ദേശമെന്താണെന്നു സാമാന്യമായി ഈ സഭയെ അറിയിക്കയുണ്ടായി. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള അദ്ധ്യാപകന്മാക്കു് ആശ്വാസം നൽകുന്നതിനുവേണ്ടി ഒരു മൊത്ത തുകയായി ഒരു ലക്ഷംരൂപാ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അന്നു് കൂടുതൽ വിവരങ്ങൾ ബഡ്ജറ്റിൽ ചേർക്കുക സാദ്ധ്യമായിരുന്നില്ല. മാർച്ചുമാസത്തിലാണു് ബഡ്ജറ്റുകൊണ്ടുവന്നതു്. എന്നാൽ കഴിഞ്ഞ ഫെബ്രുവരിമാസത്തിലാണു് അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിക്കണമെന്നു.....

ശ്രീ. ഏ. താണുപിള്ള. അതു ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിലെ അദ്ധ്യാപകന്മാരെ സംബന്ധിച്ചല്ലെ പറഞ്ഞതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്നതന്നെ അതു ഫൈനാൻസു മന്ത്രിയുടേയും എന്റേയും പ്രസംഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറൽ സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യങ്ങൾക്കായി ഒരാവലക്ഷത്തിൽ ചിലപ്പോൾ രൂപാ റീഅർഗനൈസേഷൻ വരുമ്പോൾ പുതിയ ശമ്പളച്ചെലവുകൾക്കു വേണ്ടി കൊടുക്കുന്നതിയായി കൊള്ളിച്ചിട്ടുണ്ടായിരുന്നു. അന്നതന്നെ ഈ തുകയും ഈ സഭതന്നെ അനുവദിച്ചുതന്നിട്ടുള്ളതാണു്. ഇതനുവദിച്ച അവസരത്തിൽ ഏതു വിധത്തിലാണു് ഇതു ചെലവാക്കേണ്ടതെന്നു് ഈ സഭയിൽ വ്യക്തമായി അറിയിച്ചിട്ടില്ല. അന്നു ബഹു. ശ്രീ. പട്ടം താണുപിള്ള അവർകളുടെ വിമർശനപ്രസംഗത്തിൽതന്നെ ഇതിനെപ്പറ്റി പ്രത്യേകം ചൂണ്ടിക്കാണിക്കയുണ്ടായി. ഈ ഒരു ലക്ഷംരൂപാ എങ്ങിനെയാണു് ചെലവാക്കേണ്ടതെന്നു് ബഡ്ജറ്റിൽ കൊള്ളിക്കാതിരുന്നതു് ഉചിതമല്ല, അതു് എഡ്യുക്കേഷൻ മിനിസ്റ്റർക്കു് തോന്നിയതുപോലെ ചെലവാക്കാൻ വേണ്ടി ഒരു ലക്ഷംരൂപാ കൊടുത്തിരിക്കുന്നതാണു് എന്നും മറ്റും ആക്ഷേപിക്കയുണ്ടായി.

ശ്രീ. താണുപിള്ള വളരെ ശക്തിയായി അതിനെ ആക്ഷേപിച്ചതു്, സഭയുടെ അനുമതിക്കുടാതെ ഗവൺമെൻറു് ഏതെങ്കിലും തുക ചിലവുചെയ്യുന്നതു് അനുചിതമാണെന്നുള്ള സംഗതി കൂടുതൽ ശക്തിയായി സഭയെ അറിയിക്കുന്നതിനുവേണ്ടി ആയിരിക്കണമെന്നു് എനിക്കു് തോന്നുന്നു. അന്നു് ആ സംഖ്യ ഏതു വിധത്തിലാണു് ചിലവാക്കേണ്ടതെന്നു് തീരുമാനമുണ്ടായിട്ടില്ലായിരുന്നു. എന്നാൽ ഇന്നു് ആ പദ്ധതി തയ്യാറായിട്ടുണ്ടു്. അതിനു ഈ സഭയുടെ അനുമതിക്കുപേക്ഷിക്കുന്നതു് ഈ സഭയോടു കാണിക്കുന്ന ഏറ്റവും വലിയ ഒരു ബഹുമതിയായി ഞാൻ കണക്കാക്കുന്നു. ജനറൽ റവന്യൂവിൽനിന്നു് കൂടുതലായി എന്തെങ്കിലും തുക ചിലവാക്കുവാനുള്ള അനുവാദം ഗവൺമെൻറു് ആവശ്യപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

ന്നില്ല. ഈ സഭ മുൻപു ഒരവസരത്തിൽ അനുവദിച്ചു തുകതന്നെ ചെലവാക്കാനുള്ള അനുവാദം വീണ്ടും ആവശ്യപ്പെട്ടുകയാണു് ഇപ്പോൾ ചെയ്തിരിക്കുന്നതു്. ഫ വ (ജെ) എന്ന ഇനത്തിൽ ക ഭ ലക്ഷം രൂപ ഒരൊറ തുകയായിട്ടാണു് ബഡ്ഡറ്റിൽ ചേർത്തിരിക്കുന്നതു്. ആ സംഖ്യയിൽനിന്നും ഒരു തുക സെക്കണ്ടറി എഡ്യൂക്കേഷന്റെ ആവശ്യത്തിനായി വിനിയോഗിക്കാൻ പോകുകയാണു്. അങ്ങനെ വിനിയോഗിക്കുന്നതിനു മുൻപു് ഈ സഭയുടെ ഒരു ടോക്കൺ അനുമതിവാങ്ങുക എന്നുള്ളതു് സാധാരണ പാർലിമെൻ്കളിൽ ചെയ്യുന്ന ഒരു നടപടിയാണു്. തുക അനുവദിച്ചിട്ടുണ്ടെങ്കിലും, അതു ചിലവാക്കാനുള്ള അനുവാദം മുൻപുതന്നെ സഭ നല്കിയിട്ടുണ്ടെങ്കിലും അതു ഏതിനുവേണ്ടി ചിലവാക്കുന്നുവോ ആ സ്കീം സഭയുടെ ആലോചനക്കു് വിഷയമാക്കി സഭയുടെ പിൻബലത്തോടുകൂടി തന്നെ അതു നടപ്പിൽ വരുത്തുന്നതായിരിക്കും നല്ലതു്, അതാണു ജനായത്തരീതിക്കും ചേർന്നതു് എന്നുള്ള ഉദ്ദേശത്തിലാണു് ഈ ടോക്കൺ മോഷൻ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്.

Sahib Bahadur A. Abdul Razaak: May I have an assurance from the Honourable Minister that this procedure will be followed in regard to other items of expenditure also?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എപ്പോഴും അങ്ങനെ ചെയ്യണമെന്നതന്നെയാണു് ഗവണ്മെൻ്റ് ഉദ്ദേശിക്കുന്നതു്. ഈ തുക വിനിയോഗിക്കാനുദ്ദേശിക്കുന്നതായ ചെലവിന്റെ സ്വഭാവംകൂടി സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രൈവറ്റ് സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തോടു് ഗവണ്മെൻ്റ് നിശ്ചയിച്ചിട്ടുണ്ടു്. ഫെഡ് മാസ്റ്റന്മാർക്കു് ഫ ഭ ൦ മുതൽ ക ൦ ൦വരെ രൂപ. ശമ്പളം രണ്ടുകൊല്ലത്തിലൊരിക്കൽ ഫ ൦ രൂപ ഇംക്രിമെൻ്റ് കിട്ടുന്ന വ്യവസ്ഥയിൽ കൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഗ്രാഡുവേറ്റ് അദ്ധ്യാപകന്മാർക്കു് ർ ഭ മുതൽ ഫ ഭ ൦ വരെ രൂപ ശമ്പളം കൊല്ലത്തിൽ ഭ രൂപ. ഇംക്രിമെൻ്റ് കിട്ടത്തക്കവ്യവസ്ഥയിൽ കൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ അണ്ടർ ഗ്രാഡുവേറ്റ് അദ്ധ്യാപന്മാർക്കു് ന. ൦ മുതൽ ന്യ ൦ രൂപാവരെ ശമ്പളം രണ്ടുകൊല്ലത്തിൽ ന രൂപാവീതം ഇംക്രിമെൻ്റ് കിട്ടത്തക്കവ്യവസ്ഥയിൽ കൊടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇതിനും പുറമെ ഫ ഭ ശതമാനം ഡീയർനസ് അലവൻസും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്. ഫ.ഭ ശതമാനമെന്നു പറയുന്നതു് ഫ ഭ രൂപയിൽ കവിയാണെങ്കിൽ ഫ ഭ രൂപ കൊടുക്കണമെന്നും നിശ്ചയിച്ചിട്ടുണ്ടു്. കൂടാതെ അദ്ധ്യാപകന്മാർക്കു് അവരവരുടെ സർവ്വീസിനനുസരിച്ചു് കൂടുതൽ ഇംക്രിമെൻ്റ് കൊടുക്കണമെന്നും തീരുമാനിച്ചിട്ടുണ്ടു്. അതായതു് ർ ഭ മുതൽ ഫ ഭ ൦ രൂപാവരെ ഗ്രേഡിലുള്ള ഒരാളിനു് ഫ ഭ കൊല്ലത്തെ സർവ്വീസുണ്ടെങ്കിൽ സ്കീം നടപ്പിൽ വരുന്ന തിയ്യതി മുതൽ ഫ ക ൦ രൂപ. ശമ്പളം കൊടുക്കുന്നതാണു്. അങ്ങനെ ഓരോ അദ്ധ്യാപകനും അയാളുടെ സർവ്വീസനുസരിച്ചു് അവകാശമുള്ള കൂടുതൽ ഇംക്രിമെൻ്റ് ലഭിക്കുന്നതാണു്. ഈ ശമ്പളം പ്രൈവറ്റ് സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ഗവണ്മെൻ്റിൽനിന്നും നേരിട്ടു കൊടുക്കുവാനാണു് തീരുമാനിച്ചിട്ടുള്ളതു്. അങ്ങനെ ഗവണ്മെൻ്റിൽനിന്നും നേരിട്ടു കൊടുക്കുന്നതിലേക്കു് ഓരോ സ്കൂളിൽനിന്നും ഫീസു പിരിവിന്റെ വ ൦ ശതമാനം മാനേജർന്മാരുടെ കാൺടിബ്യൂഷനായി സർക്കാർ ഖജനാവിൽ അടയ്ക്കണമെന്നു് സ്കീം ആവശ്യപ്പെടുന്നു. ഇന്നു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള പ്രൈവറ്റ് മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലുംകൂടി ആകെ ഫീസുപിരിവു

LIBRARY ARCHIVES Kerala Legislative Assembly

ർൻ.വ്യ ഫ ലക്ഷം രൂപാ വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിന്റെ വ്യ ഠ ശതമാനം ഏകദേശം നൂൻ.വ്യ ങ ലക്ഷം രൂപ വരുന്നതാണ്. മേൽപ്പറഞ്ഞ ശമ്പളത്തോതു് അനുസരിച്ചു് കൊടുക്കുകയാണെങ്കിൽ അടുത്ത ഒരു കൊല്ലത്തിലേക്കു് ർർ.ഫങ ലക്ഷംരൂപ ഗവണ്മെൻറിൽനിന്നും ശമ്പളം ഇനത്തിൽ കൊടുക്കേണ്ടിവരും. അതു കൂടാതെ ഡിയർനസ് അലവൻസ് ഇനത്തിൽ ഫ ഛ.ഠനു ലക്ഷംരൂപ വേണ്ടിവരുന്നു. ഇതിനുംപുറമെ അദ്ധ്യാപകന്മാക്കു് പ്രാവിഡൻറ ഫണ്ടും നിർബ്ബന്ധിതമാക്കാൻ തീരുമാനിച്ചിട്ടുണ്ടു്. ഒരു രൂപക്കു് ൻപൈ വീതം ഗവണ്മെൻറിൽനിന്നും, അത്രയും തുക മാനേജുമെൻറിൽനിന്നും, അത്രയും തുകതന്നെ അദ്ധ്യാപകന്റെ ശമ്പളത്തിൽനിന്നും എടുത്തു് ഒരു രൂപക്കു് ഛ അണ. നപൈ. വീതം പ്രാവിഡൻഡ് ഫണ്ടു നിബ്ബന്ധിതമായി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടു്. ആ ഇനത്തിലും ഗവണ്മെൻറിനു് ഛ.ഛ ഠ ലക്ഷം രൂപ ചിലവു വരുന്നതാണ്. ഇങ്ങനെ കൊല്ലംതോറും മൂന്നു ഇനത്തിലുംകൂടി ങവ്യ.നവ്യ ലക്ഷംരൂപ വേണ്ടിവരുമെന്നു് കണക്കാക്കിയിരിക്കുന്നു. അതേ സമയത്തു് സ്കൂളുകളിലെ ഫീസുപിരിവിൽനിന്നും ഖജനാവിൽ അടക്കുന്ന വ്യ ഠ ശതമാനം സംഖ്യ വെറും നൂൻ.വ്യങ ലക്ഷം രൂപ മാത്രമാണു്. അതുകൊണ്ടു് അടുത്ത ഒരു കൊല്ലത്തേക്കു്തന്നെ ഗവണ്മെൻറിനു ഈ ഇനത്തിൽ ഫ വ്യ. ങനു ലക്ഷം രൂപ ചിലവുവരും. ഈ ആണ്ടിൽ ഇനി ഏതാനും മാസങ്ങളേ ഉള്ളു. അതുകൊണ്ടു് ഇക്കൊല്ലത്തേക്കു് ഒരു ചെറിയ തുക മാത്രമേ ചിലവാകുകയുള്ളൂ. വർഷംതോറും കൂടുന്ന ശമ്പളസ്കെയിലുകൾ നിശ്ചയിച്ചിട്ടുള്ളതുകൊണ്ടു് കൊല്ലം കഴിയുംതോറും ഗവണ്മെൻറിന്റെ ചിലവു് വർദ്ധിച്ചു വർദ്ധിച്ചു വരുന്നതാണു്. അതോടൊപ്പം ഫീസുപിരിവു് വർദ്ധിക്കാനുള്ള മാർഗ്ഗങ്ങൾ ചൂരുക്കവുമാണു്. ഒരുപക്ഷെ കുറഞ്ഞേക്കാനുള്ള മാർഗ്ഗങ്ങൾ ഉണ്ടുതാനും. ഞാൻ ഇപ്പോൾ പറഞ്ഞ കണക്കുകൾ ആദ്യത്തെ ഒരു കൊല്ലത്തേക്കു വേണ്ടിയുള്ളതാണു്. ഈ ചിലവിനുവേണ്ടിയാണു് ഛങ ലക്ഷംരൂപ ഒരു മൊത്തസംഖ്യയായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതു്. അതു് ഫവ്യ (ജ) എന്ന ഇനത്തിൽ സഭയാപൂർവ്വം വോട്ടചെയ്തു് നൽകിയിട്ടുണ്ടു്. അങ്ങനെ വോട്ടചെയ്തു നൽകിയിട്ടുള്ള സംഖ്യ ചിലവാക്കുന്നതിനു് ഈ സഭയുടെ അനുമതിക്കു് അപേക്ഷിക്കുകയാണു് ഇപ്പോൾ ചെയ്യുന്നതു്. ആ അനുമതിക്കു അപേക്ഷിക്കുന്നതു് ഭരണഘടനയിലെ ഏതെങ്കിലും ഫിനാൻഷ്യൽ പ്രൊവിഷൻ അനുസരിച്ചു് ആയിരിക്കണമെന്നില്ല. കാരണം ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ചു് ഇതിനുവേണ്ട തുക നേരത്തെതന്നെ സഭ അനുവദിച്ചുകഴിഞ്ഞിട്ടുണ്ടു്. അങ്ങനെ അനുവദിച്ച തുകയ്ക്കുവേണ്ടിയുള്ള ഒരു ടോക്കൺ മോഷൻ കൊണ്ടുവന്നിരിക്കുന്ന ഇപ്പോഴവസരത്തിൽ ശ്രീ. പട്ടംതാണുപിള്ള ഭരണഘടനയിലെ വ്യവസ്ഥകൾ അതിനു അനുവദിക്കുന്നില്ലെന്നു് വാദിക്കാൻ ഇടയായതു് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽക്കൂടി നടപടികൾ പുരോഗമിപ്പിച്ചുകൊണ്ടുപോകണമെന്നുള്ള അദ്ദേഹത്തിന്റെ ക്രമാതീതമായ താൽപ്പര്യംകൊണ്ടാണെന്നു് കണക്കാക്കുന്നതിനു് എനിക്കു വിരോധമില്ല. ഫ ഠ ഠ രൂപായുടെ ഒരു ടോക്കൺ ഗ്രാൻറാണു് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. അല്ലാതെ ഫ ഠ ഠ രൂപായുടെ ഒരു സപ്ലിമെൻററി ഗ്രാൻറല്ല. ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലാത്ത ഏതെങ്കിലും തുക കൂടുതലായി ചിലവാക്കുന്നതിനു് അനുവാദം ആവശ്യപ്പെടുകയും അല്ല. ഫ ഠ ഠരൂപകൊണ്ടു് ഈ ചിലവുകൾ നിർവഹിക്കുവാനും സാദ്ധ്യമല്ല. ആ സ്ഥിതിക്കു് ഇങ്ങനെയൊരു ടോക്കൺ മോഷൻ കൊണ്ടുവന്നിരിക്കുന്നതിൽനിന്നും മനസ്സിലാക്കേണ്ടതു് സഭ നേരത്തെ തന്നെ അനുവദിച്ചിട്ടുള്ള ഒരു തുകവീണ്ടും സഭയുടെ അനുവാദത്തോടുകൂടിതന്നെ ചിലവാക്കണമെന്നുള്ള ആഗ്രഹ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

ത്തെ മൻനിറുത്തിയാണു്. ബഡ്ജറിൽ സഭയുടെ അനുവാദത്തോടുകൂടി കൊള്ളിച്ചിട്ടുള്ള ഒ ലക്ഷം രൂപ സെക്കണ്ടറി എഡ്യൂക്കേഷനുവേണ്ടി ചിലവു ചെയ്യുന്നതിനു് സഭ അനുമതി നൽകുന്നതിനായി ഈ സൂചനാപ്രമേയം പാസ്സാക്കുന്നതോടുകൂടി പരിഗണിക്കപ്പെടുന്നതാണു്. ഇതു പാസ്സാക്കിത്തരണമെന്നു് ബഹുമാനപ്പെട്ട സഭയോടു് വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. ഇട്ടീര അംബുക്കൻ : ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഇന്നത്തെ ജനകീയഗവൺമെൻറു് പട്ടിണിപ്പാവങ്ങളായ അദ്ധ്യാപകന്മാരുടെ രക്ഷക്കായി ആസൂത്രണം ചെയ്തിട്ടുള്ള പുതിയ പദ്ധതി അനുസരിച്ചു് വേണ്ടിവരുന്ന കൂടുതൽ ചിലവിനായി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ടോക്കൺ ഗ്രാൻറിനെ എതിർക്കേണ്ടിവന്നതിൽ എനിക്കു വളരെ ഹൃദയവേദനയുണ്ടു്. എന്നാൽ ഇന്നു് ഗവൺമെൻറു് ആസൂത്രണം ചെയ്തിട്ടുള്ള പുതിയ പരിപാടിയെ ഈ സഭ ഔപചാരികമായി സ്വീകരിക്കാൻ വേണ്ടിയാണു് ഈ ടോക്കൺ ഗ്രാൻറു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ടാണു് ഞാൻ ഇതിനെ എതിർക്കുന്നതു്. ഇന്നു് ഗവൺമെൻറു് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസപരിഷ്കരണപദ്ധതിയെ സംബന്ധിച്ചു് ഈ രാജ്യത്തെ ആളുകളിൽ ഒരു വലിയ വിഭാഗത്തിനു് എതിരുണ്ടെന്നും അതിനെ സംബന്ധിച്ചു് ഒരു പുനഃപരിശോധന ചെയ്യേണ്ടതു് അത്യാവശ്യമാണെന്നും അടുത്ത ദിവസംതന്നെ ഈ സഭയിൽ ഈ വിഷയത്തെ സംബന്ധിച്ചു് ഒരടിയന്തിരപ്രമേയം ചർച്ചചെയ്ത വേളയിൽ പലരും ആവശ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ അങ്ങനെയൊരു പുനഃപരിശോധനക്കു് ഈ ഗവൺമെൻറു് തയ്യാറല്ലെന്നും ഗവൺമെൻറു് ഇക്കാര്യത്തിൽ ഒരു ഉറച്ചനില സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും പറഞ്ഞതുകൊണ്ടാണു് എനിക്കു ഇതിനെസംബന്ധിച്ചു് ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നതു്. [ഇന്നത്തെ വിദ്യാഭ്യാസപരിഷ്കരണപദ്ധതിയിൽ ഉണ്ടായിട്ടുള്ള എതിർപ്പു് ചില സമുദായങ്ങളുടെ, പ്രത്യേകിച്ചു് ക്രിസ്ത്യാനികളുടെ കുത്തകവാദമാണെന്നു് ചിലർ പറയുന്നുണ്ടു്. അതു ശരിയല്ലെന്നാണു് എനിക്കു അവരോടു പറയുവാനുള്ളതു്. വളരെക്കാലമായി ഇവിടെ മാനേജുമെൻറുകൾ അനുഭവിച്ചുപോന്നിരുന്ന ചില മൗലികമായ അവകാശങ്ങളിൽ ഇന്നത്തെ ഗവൺമെൻറു് കൈവക്കുകയാണെന്നും, അതിനോടു് പൊതുവെ സ്കൂൾ മാനേജുമെൻറുകൾക്കുള്ള പ്രതിഷേധമാണു് ഈ എതിർപ്പുകളെന്നുമാണു് നാം മനസിലാക്കേണ്ടതു്. വ്യ ഠ ശതമാനം ഫീസു് പിരിവു് ടക്കറിയിൽ അടച്ചിട്ടില്ലാത്ത മാനേജുമെൻറുകളുടെ കൂട്ടത്തിൽ ക്രസ്ത്യാനികളല്ലാത്തവരും ഉൾപ്പെടുന്നുണ്ടു്. അങ്ങനെയിരിക്കെ ഇപ്പോഴത്തെ എതിർപ്പുകൾ ക്രസ്ത്യാനികളുടെ മാത്രം കുത്തകയാണെന്നും പുരോഹിതന്മാരുടേയും പാതിരിമാരുടേയും പ്രക്ഷോഭണമാണെന്നും എൻറെ മാന്യസ്നേഹിതൻ ശ്രീ. മന്നത്തുപദ്മനാഭൻ ഇവിടെ പറഞ്ഞതിൽ യാതൊരു കഴമ്പുമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

സർ, ഇന്നു് നമ്മുടെ രാജ്യത്തു സ്കൂളുകൾ നടത്തുന്ന മാനേജർമാർ പലതരത്തിലുള്ളവരാണു്. വളരെയധികം സംഖ്യ കൊല്ലംതോറും കൈയിൽനിന്നും ചിലവുചെയ്തു സ്കൂളുകൾ നടത്തിക്കൊണ്ടുപോരുന്ന മാനേജുമെൻറുകളും ഈ രാജ്യത്തു ധാരാളമുണ്ടു്. കെട്ടിടം പണിക്കും മറ്റുകാര്യങ്ങൾക്കുമായി വളരെ സംഖ്യ കൈയിൽനിന്നും മുൻകൂർ ചിലവഴിച്ചു് അതിൻെറ പലിശയെന്ന നിലയിലെങ്കിലും തുച്ഛമായ ലാഭമെടുത്തുകൊണ്ടു് സ്കൂളുകൾ നടത്തിക്കൊണ്ടുപോരുന്ന ചില മാനേജുമെൻറുകളും ഉണ്ടു്. ഈ രണ്ടുതരം മാനേജുമെൻറുകളും വിദ്യാഭ്യാസപ്രചരണം നടത്തുന്നുണ്ടെന്നുള്ളതിൽ ആക്ഷേപം തർക്കമില്ല. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസപ്രചരണം നടത്തികൊണ്ടിരിക്കുന്ന ഈ രാജ്യത്തെ മാനേജ്മെൻറുകളുടെ മേൽ പെട്ടെന്നു് ഒരു സ്കീംകൊണ്ടുവന്നു് നിയന്ത്രണങ്ങൾ ചെലുത്തി അവരുടെ അസംതൃപ്തി സമ്പാദിക്കേണ്ട എന്തെങ്കിലും അടിയന്തിരാവശ്യം ഇന്നുണ്ടായിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. അദ്ധ്യാപകന്മാക്കു് ശമ്പളക്കൂട്ടൽ കൊടുക്കുന്ന കാര്യത്തിൽ ആർക്കും എതിരഭിപ്രായമില്ല. എന്നാൽ അദ്ധ്യാപകന്മാരുടെ ശമ്പളക്കൂട്ടലിനു മാത്രമാണു് ഇങ്ങനെയൊരു സ്കീം നടപ്പാക്കുന്നതെന്നു് പറഞ്ഞാൽ അതു വിശ്വസിക്കുവാൻ തീരെ നിവൃത്തിയില്ല. ഇപ്രകാരം ഒരു സ്കീം നടപ്പാക്കാതെ അദ്ധ്യാപകന്മാക്കു് ശമ്പളക്കൂട്ടൽ കൊടുക്കുന്നതിനു മറ്റേതെങ്കിലും മാർഗ്ഗമുണ്ടോ എന്നു് ഒരു പുനഃപരിശോധന നടത്തണമെന്നു് പറഞ്ഞാൽ അതു ചെയ്യുന്നതു് ഈ ഗവൺമെൻറു് ഒരു കഴുതയാകൽ ആയിരിക്കും എന്നു പറയുന്നതിൽ ഒരർത്ഥവുമില്ല. എവിടെയെങ്കിലും ഒരു കമ്പനിയിൽ കുറച്ചു തൊഴിലാളികൾ സ്ട്രൈക്ക ചെയ്യാൽ നൂറുതവണ ഓടിയെത്തി അതിനെ സംബന്ധിച്ചു കൂടിയാലോചനകൾ നടത്താൻ സന്നദ്ധതയുള്ള ഇന്നത്തെ ജനകീയഗവൺമെണ്ടു് ഇത്ര രാജ്യവ്യാപകമായ ഒരു കാര്യത്തിൽ ഒരു പുനഃപരിശോധനക്കുപോലും തയ്യാറില്ലെന്നു പറയുന്നതു കഴുതയാകലാണെന്നു പറയുന്നതിനേക്കാൾ കഴുതയെ ചുമക്കലാണെന്നു പറയുകയായിരിക്കും കൂടുതൽ ശരി. ഈ പുതിയ സ്കീമിൻെറ ഗുണദോഷങ്ങളെപ്പറ്റി ഒരു വിവേചനം നടത്താൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. എന്നാൽ ഈ സ്കീമിനു് ഒരു വലിയ വിഭാഗം ജനങ്ങൾ എതിരാണെന്നും ഇതു പല വലിയ കലഹങ്ങൾക്കും വഴിതെളിച്ചേക്കുമെന്നുമുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ആ സ്ഥിതിക്കു് ഈ സ്കീം ഒന്നു പുനഃപരിശോധനചെയ്യുന്നതിനു ഗവൺമെണ്ടിനു് എന്തു പ്രതിബന്ധമാണുള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ത്രികക്ഷിസമ്മേളനത്തിൽവച്ചു ചെയ്ത തീരുമാനമാണെന്നും അതുകൊണ്ടു് അതു് ഇനി പുനഃപരിശോധനചെയ്യേണ്ട ആവശ്യമില്ലെന്നും നീതിന്യായക്കോടതിയിൽപോലെ ചില എഴുത്തുകുത്തുകൾ ഉദ്ധരിച്ചുകൊണ്ടും ചില പ്രൊഫസറന്മാർ സാക്ഷിപറഞ്ഞതുകൊണ്ടും മാത്രം തീരുമാനിക്കാവുന്ന ഒരു കാര്യമല്ല ഇതു്. ഈ രാജ്യത്തിലെ ജനങ്ങളിൽ ഏതെങ്കിലും വിഭാഗത്തിനു് അതൃപ്തിയുണ്ടാകുമെന്നുകണ്ടാൽ ജനകീയഗവൺമെണ്ടു മഹാമനസ്കതയോടുകൂടി ആ കാര്യം പുനരാലോചനചെയ്യണമെന്നാണു് എനിക്കു ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കാനുള്ളതു്.

<u>ശ്രീ. എ. കെ. പാച്ചുപിള്ള</u> : ത്രികക്ഷിസമ്മേളനത്തിൽവച്ചു തീരുമാനിച്ചുവെന്നു പറയുന്ന വ്യവസ്ഥകളിലേതെങ്കിലും ഈ സ്കീമിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോയെന്നും അതു ഗവൺമെണ്ടിൻെറ മുമ്പാകെ ഉണ്ടോയെന്നും അന്വേഷിച്ചിട്ടു് അഭിപ്രായം പറയാൻ ദയവുണ്ടാകുമോ ?

<u>ശ്രീ. ഇട്ടീര അച്യുതൻ</u> : ത്രികക്ഷിസമ്മേളനത്തിൽവച്ചു തീരുമാനിച്ച വ്യവസ്ഥകൾ ഈ പുതിയ സ്കീമിലുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കയല്ലാ എൻെറ ഉദ്ദേശം. ത്രികക്ഷിസമ്മേളനത്തിൽ പങ്കെടുത്ത അതേ അദ്ധ്യാപകന്മാരും മാനേജരന്മാരും ഗവൺമെണ്ടു പ്രതിനിധികളും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. അതേ ആളുകൾതന്നെ വീണ്ടും ഒത്തുചേർന്നു് ഒരു ത്രികക്ഷിസമ്മേളനംകൂടി നടത്തി ഈ സ്കീം ഒന്നു പുനഃപരിശോധനചെയ്യുന്നതിനു് എന്തു വിരോധമാണുള്ളതു് എന്നാണു് ഞാൻ ചോദിക്കുന്നതു്. അതുകൊണ്ടു് ഈ സ്കീം നടപ്പാക്കിത്തന്നെ തീരുമെന്ന നിർബ്ബന്ധംപിടിച്ചു് ഈ രാജ്യത്തു പാളപ്പുകളുണ്ടാക്കി കഴുപ്പങ്കൾക്കിടയാക്കാതെ ഇതൊന്നു പുനഃപരിശോധനചെയ്യുവാൻ ദയവുണ്ടാകണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തര്യത്തു കുഞ്ഞിത്തൊമ്മൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. എതിർപ്പിനെ ശക്തിയായി എതിർക്കുകയും ചെയ്യുന്നു. ഈ സംഖ്യ അല്പശമ്പളംകൊണ്ടു കുടുംബം കഴിക്കുവാൻ വളരെ പ്രയാസപ്പെടുന്ന ആ ഗുരുക്കന്മാരുടെ ഉപയോഗത്തിനായിട്ടുള്ളതാണു്. അതിനെ ഏതുമുള്ള ആരും അനുകൂലിക്കുകതന്നെചെയ്യും. അക്കാര്യത്തിൽ ഈ സഭയ്ക്കിൽ ആർക്കുംതന്നെ അഭിപ്രായഭേദമുണ്ടാകാനിടയില്ലെന്നാണു് എന്റെ വിശ്വാസം. എന്നാൽ ഒരു പദ്ധതി ഇവിടെ പറയുകയുണ്ടായി. അതു പുനരാലോചനചെയ്തു മാത്രമേ നടപ്പിൽ വരുത്തുകയുള്ളു എന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അതിനു വിദ്യാഭ്യാസപരിചയവും രാജ്യതന്ത്രജ്ഞതയും ലോകകാര്യവിചക്ഷണതയുമുള്ള ഇന്നത്തെ വിദ്യാഭ്യാസമന്ത്രി തന്നെയാകുമെന്നും എനിക്കു നിശ്ചയമുണ്ടു്. വിദ്യാഭ്യാസത്തിനു ശരിയായ പുരോഗതി കൈവരണമെങ്കിൽ അതിനു പറ്റിയപ്തമായ പദ്ധതികൾ സ്വീകരിച്ചു നടപ്പിൽ വരുത്തേണ്ടതാണു്. ഇപ്പോൾ ഈ പദ്ധതികൊണ്ടു ഗ്രാന്റുവിദ്യാലയങ്ങൾ മേലാൽ ഗ്രാന്റുവിദ്യാലയങ്ങളല്ലാതെയാകുമോ എന്നൊരു ഭീതി ചിലർക്കുണ്ടു്. ആ ഭീതി അടിസ്ഥാനരഹിതമല്ലെന്നാണു് അനന്തരസംഭവങ്ങൾകൊണ്ടു മനസ്സിലാക്കേണ്ടതു്. ഇപ്പോൾ ഉദ്യോഗസ്ഥന്മാർ ട്രഷറിയിൽനിന്നും പണം പറ്റുന്നല്ലോ. അതുപോലെ ട്രഷറിയിൽനിന്നും മാനേജരന്മാരും പണം പറ്റി അദ്ധ്യാപകന്മാർക്കു കൊടുക്കണം. ഇങ്ങനെ വന്നാൽ ഇവരും വെറും ഗവൺമെണ്ടു സിൽബന്തികളായിപ്പോകും. ആ ഒരു ശോച്യനില നീക്കി മാനേജരന്മാരുടെ അധഃപതനനിലയെക്കൂടി ഗവൺമെണ്ടു സംരക്ഷിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഈ സംഖ്യ ഐകകണ്ഠ്യേന പാസ്സാക്കണമെന്നാണു് എന്റെ വിനീതാഭിപ്രായം.

ഒരു രാജ്യത്തിന്റെ സംസ്കാരം പ്രധാനമായി അദ്ധ്യാപകന്മാരെയാണു് ആശ്രയിച്ചിരിക്കുന്നതു്. തന്റെ കുടുംബത്തിൽ പട്ടിണിയും ദാരിദ്ര്യവും ഉണ്ടായിരിക്കുമ്പോൾ കുട്ടികൾക്കു സമാധാനത്തോടുകൂടി വിദ്യാഭ്യാസം നല്കുക സാദ്ധ്യമല്ല. മറ്റുള്ള വകുപ്പുകളിൽ ഇരിക്കുന്നവർക്കാണെങ്കിൽ ചിലപ്പോൾ പുറകോട്ട കൈനീട്ടിയാൽ വല്ലതും ലഭിക്കുവാൻ കഴിയും. എന്നാൽ അദ്ധ്യാപകന്മാർക്കു് അതും സാദ്ധ്യമല്ല. വലിയ ഉത്തരവാദിത്വമുള്ള സ്ഥാനമാണു് അവരുടേതു്. അങ്ങനെയുള്ള അവർക്കു പട്ടിണിയും ക്ലേശവും വന്നാൽ എങ്ങനെയാണു് സമാധാനത്തോടുകൂടിയും ഉത്തരവാദിത്വത്തോടുകൂടിയും ജോലിചെയ്യാൻ സാധിക്കുന്നതു്? അവർക്കു് ഈ സംഖ്യതന്നെ പോരാതെയാണിരിക്കുന്നതു്. കൂടുതൽ തുക കൊടുക്കേണ്ടതാണു്. അതോടൊപ്പം ഈ രാജ്യത്തെ സംസ്കാരത്തിന്റെ അസ്ഥിവാരമായി നിലകൊണ്ടു പ്രവർത്തിച്ചിട്ടുള്ള എയിഡഡ് സ്കൂളിന്റെ അടിത്തറ ഇളക്കിക്കളയരുതേ എന്നൊരപേക്ഷയും എനിക്കുണ്ടു്. ഗവൺമെണ്ടു് അക്കാര്യംകൂടി ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനെ സംബന്ധിച്ചു ചിലഭാഗങ്ങളിൽനിന്നും ചില അപവാദങ്ങൾ കേൾക്കാനിടയായിട്ടുണ്ടു്. ആ ഭാഗത്തെപ്പറ്റി ഗവൺമെണ്ടു വളരെ ശ്രദ്ധിക്കുകയില്ലെന്നും ഞാൻ കരുതുന്നു.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: സർ, ഞാൻ ഈ അഭ്യർത്ഥനയെ എതിർക്കുന്നു. ഞാൻ എതിർക്കുന്നതു് ഈ പദ്ധതിമൂലം പ്രൈവറ്റ് ഏജൻസികളെ ഇല്ലാതാക്കുന്നു എന്നുവരുന്നതുകൊണ്ടാണു്. ഇപ്പോഴുള്ള പ്രൈവറ്റ് ഏജൻസികൾ ഇവിടത്തെ വിദ്യാഭ്യാസപ്രചരണത്തിനു വളരെയൊക്കെ സഹായിച്ചിട്ടുണ്ടെന്നു ഗവൺമെണ്ടുതന്നെ സമ്മതിക്കുകയും അക്കാരണത്താൽ പ്രൈവറ്റ് ഏജൻസികളെ നിറുത്തലാക്കേണ്ടതില്ലെന്നു് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ വിദ്യാഭ്യാസം ദേശവല്ക്കരിക്കുന്നില്ലെന്നും ഗവൺമെണ്ടു പറഞ്ഞിട്ടുണ്ടു്. എന്നാൽ അതിനെല്ലാം വിപരീതമായ ഒരു നിലയാണിപ്പോൾ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മ്മെണ്ടു് അവലംബിച്ചുകാണുന്നതു്. പ്രൈവറ്റ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഇപ്പോൾ ഗവമ്മെണ്ടിൽനിന്നും നേരിട്ടു കൊടുക്കുവാനാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അപ്പോൾ അവർ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരായിത്തീരുന്നു. ഗവമ്മെണ്ടിൽനിന്നും അനുവദിക്കുന്ന തുക പ്രൈവറ്റ സ്കൂൾക്കു ഗ്രാൻറു നല്കാനല്ല, അദ്ധ്യാപകന്മാക്കു ശമ്പളം കൊടുക്കാനാണു് എന്നു പറഞ്ഞിരിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസമന്ത്രി ചെയ്ത പ്രസംഗത്തിൽ അദ്ധ്യാപകന്മാരുടെ നിയമനത്തെപ്പറ്റിയുള്ള വ്യവസ്ഥ എന്താണെന്നു പറഞ്ഞില്ല. അതേപ്പറ്റിയുള്ള പ്രസ്താവനോട്ടിൽ പറഞ്ഞിരിക്കുന്നതു പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ഒരു ലിസ്റ്റു തയാറാക്കുന്നതും, ആ ലിസ്റ്റിൽനിന്നും പ്രൈവറ്റ സ്കൂളുകളിലേക്കു മാനേജരന്മാരും, ഡിപ്പാർട്ടുമെൻറൽ സ്കൂളുകളിലേക്കു ഡിപ്പാർട്ടുമെൻറധ്യക്ഷനും നിയമനം നടത്തുമെന്നാണു്. കൂടാതെ ഉദ്യോഗനിയമനത്തിൽ സാമുദായികപ്രാതിനിധ്യതത്വം നടപ്പിൽ വരുത്തുന്നതിനു് രണ്ടുകൂട്ടരുടേയും നിയമനങ്ങൾ ഒരുമിച്ചു പരിഗണിക്കുമെന്നും പറഞ്ഞിട്ടുണ്ടു്. ആ സ്ഥിതിക്കു് ഈ അദ്ധ്യാപകന്മാർ ഇരുകൂട്ടരും പബ്ലിക്കു് സർവ്വൻറു്സുതന്നെയാണു്. ഇതിലേക്കു മാനേജ്മെൻറുകൾ അവരുടെ വരവിൽ എൺപതു ശതമാനം ഗവമ്മെണ്ടു ട്രഷറിയിൽ അടയ്ക്കുകയും വേണം. അങ്ങനെ പ്രൈവറ്റ സ്കൂളുകളുടെ വരവു് ഗവമ്മെണ്ടു വരവാക്കിത്തീർക്കുന്നു. അതുകൊണ്ടു് ഈ 6 ലക്ഷം രൂപയുടെ അഭ്യർത്ഥന, മറെറാരു ഭാഷയിൽ പറഞ്ഞാൽ, പ്രൈവറ്റ സ്കൂളുകളെ ഗവമ്മെണ്ടു സ്കൂളുകളാക്കുന്നതിനു കൊടുക്കേണ്ടതായുള്ള തുക എന്നാണർത്ഥം, അതുകൊണ്ടു വാസ്തവത്തിൽ ഈ രാജ്യത്തെ വിദ്യാഭ്യാസം ദേശവല്ക്കരിക്കുന്ന ഒരു പദ്ധതിയാണിതു്. അങ്ങനെ ദേശവല്ക്കരിക്കുന്നതു ശരിയാണോ അല്ലയോ എന്നു് ഈ സഭ ഗാഢമായി ആലോചിക്കണം. സ്വകാര്യവിദ്യാലയങ്ങൾ ഇതുവരെ നടത്തിയിട്ടുള്ള രാജ്യസേവനത്തെ ഗവമ്മെണ്ടു സ്മരിക്കുകയും വീണ്ടും സേവനംചെയ്യുവാനുള്ള സൗകര്യം അവക്കുണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണു്.

<u>ശ്രീ. എ. കെ. പാപ്പൂപിള്ള</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. അതിനുള്ള കാരണം പലതാണു്. സാധാരണ വഴിവിട്ടിട്ടു് ഭരണഘടനയുടെ പുറവാതിലിൽകൂടി പ്രവേശിച്ചുകൊണ്ടു്, ഇതിനുമുമ്പു പതിവില്ലാത്ത വിധത്തിൽ, ഇങ്ങനെ ഒരു ടോക്കൺ ഗ്രാൻറുമൂലം ഇതിനുമുമ്പു് അനുവദിച്ചു എന്നു പറയുന്ന 6 ലക്ഷം രൂപാ മുഴുവനും പ്രത്യേകം ഒരു ഉപയോഗത്തിനുവേണ്ടി ഇപ്പോൾ അനുവദിച്ചുകൊടുക്കണമെന്നു പറയുന്ന ആ രീതി ഈ സഭയ്ക്കു സ്വീകാര്യമല്ലെന്നുള്ളതാണു് പ്രധാനമായ കാരണം. ഇങ്ങനെ ഒരു ഗ്രാൻറു സപ്ലിമെൻററി ഗ്രാൻറുവഴി അനുവദിക്കേണ്ടതാണു്. ഇന്നയിന്ന ആവശ്യത്തിലേക്കായി ഇത്രയും തുക അനുവദിക്കണമെന്നു പറഞ്ഞു ഗ്രാൻറു കൊണ്ടുവരികയും ഈ സഭയുടെ അഭിപ്രായമറിഞ്ഞതിനുശേഷം അതനുവദിക്കുകയും ചെയ്തിരുന്നുവെങ്കിൽ ആ നടപടി ഒരിക്കലും ആക്ഷേപിക്കത്തക്കതല്ലായിരുന്നു. 6 ലക്ഷം രൂപയോ, അതിൽ കൂടുതലായ ഒരു സംഖ്യയോ അദ്ധ്യാപകന്മാക്കു വേതനമായി അനുവദിച്ചുകൊടുക്കണമെന്നുള്ള ആ തത്വത്തെ ഞാൻ ഒരിക്കലും എതിർക്കുന്നതല്ല. എന്നാൽ നേർവഴി വിട്ടിട്ടു തെറെറായ ഒരു രീതിയിൽ ഈ സഭയുടെ അനുമതിക്കായി ആവശ്യപ്പെട്ടതിനെയാണു് ഞാൻ എതിർക്കുന്നതു്.

ഈ വിഷയത്തെസംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ അടിയന്തിരപ്രമേയം സംബന്ധിച്ചു ചെയ്ത പ്രസംഗത്തിൽ പറഞ്ഞതു പല സ്കൂളുകളും ഇതിനകം പണം അടച്ചിരിക്കുന്നുവെന്നും ഇതിനകം പല അദ്ധ്യാപകന്മാരുടേയും ശമ്പളം കൊടുത്തുകഴിഞ്ഞിരിക്കുന്നുവെന്നുമാണു്. ഗവമ്മെണ്ടു ട്രഷറിയിൽനിന്നും ഇങ്ങനെ അദ്ധ്യാപകന്മാരുടെ ശമ്പളം കുറെയെങ്കിലും കൊടുത്തുകഴിഞ്ഞിരി

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

ക്കെ, ചെലവാക്കിക്കഴിഞ്ഞിരിക്കുന്ന ഒരു സംഖ്യ ഈ സഭ ഇപ്പോൾ അനുവദിക്കണമെന്ന പ്രകാരാന്തരേണ മാറ്റാരു രൂപത്തിൽ കൊണ്ടുവന്നിരിക്കുന്നതു നിയമമര്യാദ നോക്കുമ്പോൾ തെറ്റാണു്. ഏതെങ്കിലും ഒരു സംഖ്യ ചെലവാക്കുന്നതിനുമുമ്പു് ഇന്നയിന്ന ആവശ്യത്തിലേക്കു് ഈ തുക അനുവദിക്കണമെന്നു് ഈ സഭയോടാവശ്യപ്പെടുന്നതിനു പകരം അതിലെ ഒരംശം ചെലവാക്കിക്കഴിഞ്ഞതിനുശേഷം മുഴുവൻ തുകയും അനുവദിച്ചുകൊടുക്കണമെന്നാവശ്യപ്പെടുന്ന ഈ ടോക്കൺ ഗ്രാൻറിൽ അടങ്ങിയിരിക്കുന്ന തത്വത്തെ എതിർക്കാതെ നിവൃത്തിയില്ല. ഇതിനകത്തെ നോക്കുന്നപക്ഷം, ആക്ഷേപകരമായതും അസ്വീകാര്യമായതുമായ അനേകം വസ്തുതകൾ ഇതിൽ അടങ്ങിയിരിക്കുന്നുണ്ടെന്നു കാണാം.

എന്റെ ബഹുമാന്യസ്നേഹിതനായ ശ്രീ. അമ്പൂക്കൻ ഇവിടെ പറയുകയുണ്ടായി, ഇതിനുമുൻപു് ഇവിടെ ഒരു ത്രികക്ഷിസമ്മേളനം കൂടിയെന്നും ആ സമ്മേളനത്തിൽവച്ചു് ഏതാനും തീരുമാനങ്ങൾ എടുക്കുകയുണ്ടായി എന്നും. എന്റെ ഓർമ്മ ശരിയാണെങ്കിൽ ആ തീരുമാനം, അദ്ധ്യാപകന്മാരുടെയും മാനേജരന്മാരുടെയും ഗവൺമെണ്ടിന്റെയും പ്രതിനിധികൾ ഒന്നിച്ചുചേർന്നിരുന്നിട്ടു് ഒരു ലിസ്റ്റ് തയാറാക്കണമെന്നും ആ ലിസ്റ്റിൽനിന്നും മാനേജരന്മാർ ഇഷ്ടമുള്ള അദ്ധ്യാപകന്മാരെ നിയമിക്കണമെന്നും ആയിരുന്നു. ഇപ്പോൾ അതെല്ലാം മറന്നു. അതെല്ലാം തള്ളിക്കളഞ്ഞു. അതിനുപകരം സകലവിധത്തിലുള്ള യോഗ്യതയുള്ള ആളുകളെക്കൂടി ഉൾപ്പെടുത്തി ലിസ്റ്റുണ്ടാക്കുകയും ആ ലിസ്റ്റിൽനിന്നും മാനേജരന്മാർക്കു് ഇഷ്ടമുള്ളവരെ ഇഷ്ടമുള്ളപ്പോൾ ഇഷ്ടംപോലെ നിയമിക്കാമെന്നും വ്യവസ്ഥചെയ്തിരിക്കുകയാണു്. ഇങ്ങനെ ലിസ്റ്റുണ്ടാക്കുന്നതിലും നിയമനത്തിലും യാതൊരു നിയന്ത്രണവുമില്ലാതെ വ്യവസ്ഥയാണിപ്പോൾ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഈ വ്യവസ്ഥ തന്നെയും തൽപരകക്ഷികൾക്കു സ്വീകാര്യമല്ലെന്നും കാണുന്നു. യാതൊരു നിയന്ത്രണവുമില്ലാത്ത വിധത്തിൽ വ്യവസ്ഥചെയ്യാമെങ്കിൽ തങ്ങൾ പീസുപിരിവിന്റെ വ്യ ശതമാനം കെട്ടിവയ്ക്കാമെന്നും അല്ലാത്തപക്ഷം കെട്ടിവയ്ക്കുകയില്ലെന്നും അസന്നിഗ്ദ്ധമായ ഭാഷയിൽ ഇപ്പോൾ അവർ പ്രഖ്യാപിച്ചിരിക്കുന്നു. ആ പ്രഖ്യാപനത്തെ ഗവൺമെണ്ടു് അപ്പടിയേ സ്വീകരിക്കാൻ തയാറാവുകയില്ലേ എന്നാണു എന്റെ സംശയം.

ശ്രീ. ഇട്ടിര അമ്പൂക്കൻ: ത്രികക്ഷി സമ്മേളനത്തിൽചെയ്ത തീരുമാനം ഈ സ്കീമിൽ ഇല്ലെന്നു പറയുന്നതു ശരിയാണെങ്കിൽ ഇതു വീണ്ടും ആലോചനാവിഷയമാക്കേണ്ടതല്ലേ?

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു വീണ്ടും ആലോചനാവിഷയമാക്കണമൊ വേണ്ടയൊ എന്നുള്ളതല്ല, ഇന്നത്തെ പ്രശ്നം. ഗവൺമെണ്ടു് ഇതുസംബന്ധിച്ചു് ഒരു തീരുമാനം ചെയ്തു. അതു് ഈ സഭയെ അറിയിക്കുകയും ഈ സഭയുടെ അംഗീകാരം അതിനു സിദ്ധിക്കുകയുംചെയ്തു. ആ നിലയ്ക്കു് ഇപ്പോൾ അതു പുനഃപരിശോധനചെയ്യേണ്ട ആവശ്യമുണ്ടോ? പുനഃപരിശോധന ചെയ്യുവാൻ തീരുമാനിച്ചാൽ അതു ഈ സ്കീമിനെത്തന്നെ തോൽപിക്കുകയല്ലേ ചെയ്യുന്നതു്?

സർ, ഗവൺമെണ്ടിന്റെ വിദ്യാഭ്യാസപ്രശ്നത്തെസംബന്ധിച്ചുള്ള ഇന്നത്തെ നിലനോക്കുമ്പോൾ ഏറ്റവും അനിശ്ചിതമായ ഒരു കണ്ടീഷനാണു് അവർ കിടക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഇതുസംബന്ധിച്ചുള്ള ഗവൺമെണ്ടിന്റെ ഉദ്ദേശം എന്താണു്, ലക്ഷ്യം എന്താണു്, അതിലേക്കു ഗവൺമെണ്ടു സ്വീകരിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്ന മാസ്റ്റ്മെന്താണു്, ഇതെല്ലാം ആലോചിക്കുമ്പോൾ സാമാന്യമനുഷ്യർക്കു ഒരെത്തും പിടിയും കിട്ടുന്നില്ല. ഏറ്റവും അതൃപ്തികരമായ ഒരു നിലയാണു ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതു്.

സർ, ഇവിടെ ഒരു നിഴൽയുദ്ധമാണു നടക്കുന്നതു്. ഗവണ്മെണ്ടു യഥാർത്ഥത്തെ വിട്ടിട്ടു് നിഴലിൻെറ പിന്നാലെപായുന്നു. ഒരു ഭാവനാസമ്പന്നനായ എൻെറ ഒരു സ്നേഹിതൻ, ഒരു കഥ എന്നോടു പറയുകയുണ്ടായി. ഒരാൾ ഈ സഭയിൽ ഹാജരാകുവാനായി രാവിലെ തമ്പാനൂരിൽനിന്നും ഒരു കുടയുമായി തിരിച്ചു. വഴിക്കുവച്ചു് അദ്ദേഹത്തിൻെറ കുടയുടെ ഒരു കമ്പി പോയിരിക്കുന്നതായി കണ്ടു. ഉടൻതന്നെ അടുത്ത ഒരു കടയിൽകയറി അതു നന്നാക്കി. വീണ്ടും നടന്നു. അപ്പോൾ മറെറാരു കമ്പിപോയിരിക്കുന്നതായി കണ്ടു. വീണ്ടും നന്നാക്കി. ഇങ്ങനെ കുട നന്നാക്കി നന്നാക്കി അസംബ്ലി ഹാളിൽ എത്തിയപ്പോൾ ആ കുടയിൽ മാറാത്ത യാതൊരു ഭാഗവും ഉണ്ടായിരുന്നില്ല. ശീലയും പിടിയുംകൂടി മാറേണ്ടിവന്നു. സർ, എനിക്കു ഗവണ്മെണ്ടിനോടു പറയാനുള്ളതു ഇതാണു്. ഒന്നുകിൽ ഒരു പുതിയകുട വാങ്ങിക്കണം. അല്ലെങ്കിൽ കേടുകൂടാത്ത ഒരു കുട കൊണ്ടുനടക്കണം.

ഗവണ്മെണ്ടു് ഒരു സ്കീം തയാറാക്കി പൊതു ജനങ്ങളുടെ മുമ്പിൽവച്ചു. അതിൽ ഇന്നയിന്ന ഗുണങ്ങൾ ഉണ്ടു്; അതു സ്വീകരിക്കുന്ന പക്ഷം തിരുവിതാംകൂറിലെ വിദ്യാഭ്യാസം ആക്ഷേപരഹിതമായ നിലയിൽ ഉയർത്തപ്പെടാം, ആ നയപരിപാടി സ്വീകരിക്കേണ്ടതാണു്; എന്നൊക്കെ ഉൽബോധിപ്പിക്കുന്നു. അതിനുശേഷം അതു പത്രങ്ങളിലും മറ്റും പരസ്യപ്പെടുത്തുന്നു. അതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ ജനങ്ങളുടെ ഇടയിൽ നടക്കുന്നു. മിക്കവാറും ഈ സ്കീം സ്വീകാര്യമെന്നുള്ള നിലയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഇപ്പോൾ അതിൻെറ അലകും പിടിയും മുഴുവനും മാറേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. ഇതു് സുപ്രസിദ്ധനായ ഡാക്ടർ ജോൺസൺ എഴുതിയിട്ടുള്ള "റാസിലസ്" എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ "He who wishes to listen to the whispers of fancy and pursue with eagerness the Phantoms of hope, who believes that age will perform the promises of youth and the deficiencies of today will be restored by the morrow, attend to the history of Rasselus, Prince of Abysinia." എന്നു പറഞ്ഞാണു തുടങ്ങുന്നതു്. ഭാവനാസമ്പന്നമായ നിലയിൽ വ്യഗ്രതയോടുകൂടി, പ്രചാരത്തിൽ വരുത്തിക്കൊള്ളാമെന്നുള്ള വ്യാമോഹത്തോടുകൂടി പ്രസംഗങ്ങൾ ചെയ്തിട്ടു ആളുകളെ കൂട്ടിക്കൊണ്ടുപോയി, അദ്ദേഹം ഇങ്ങനെ പറഞ്ഞവസാനിപ്പിക്കുന്നു. നിഴലുകളെ പിടിക്കുന്നതിനു് ഭാവനകളെ ഉപയോഗിച്ചു് വൃഥാ അവയെ പിന്തുടർന്നുകൊണ്ടു്, "The conclusion in which nothing is concluded."

യാതൊരുവിധത്തിലുള്ള തീരുമാനത്തിലും എത്തിച്ചേരാതെ ഇതിൽ ആളുകളെ കൊണ്ടു നിരത്തുകയാണെങ്കിൽ അതു് എവിടെ ചെന്നു ചേരും സർ,. ഇങ്ങനെ ലജ്ജാകരമായ പദ്ധതികൾ ജനങ്ങൾക്കു സ്വീകാര്യമല്ലാത്ത നിലയിൽ യാതൊരു ആശ്വാസത്തിനുപോലും വഴി കൊടുക്കാതെ സ്വീകരിക്കുന്നതു ശരിയല്ല. വിദ്യാഭ്യാസപദ്ധതിയിൽ ഇന്നയിന്ന ഉള്ളടക്കങ്ങൾ ഉണ്ടു്. അതു ജനങ്ങൾ സ്വീകരിക്കണം, എന്നു പറയുമ്പോൾ ജനങ്ങൾ അതു സ്വീകരിക്കുവാൻ തയാറില്ലെങ്കിൽ വളരെ ഗൗരവമായി ഈ സംഗതിയെ സംബന്ധിച്ചു് ഞങ്ങൾ കാബിനറുകൂടി തീരുമാനിച്ചതിനു ശേഷമാണു് ഇവിടെ കൊണ്ടുവരുന്നതു്. അതു് ഞങ്ങൾ യോഗ്യന്മാരായ ആളുകളെക്കൊണ്ടു് നടത്തിക്കുവാൻ പോകുകയാണു് എന്നെല്ലാം പറയുന്നതു പൌരുഷമാണെങ്കിൽ ഒരു പൗരുഷംതന്നെയാ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

ണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ പൊതുജനങ്ങൾക്ക് സ്വീകാര്യമല്ലാത്ത ഈ കാര്യത്തിൽ അതു നടപ്പാക്കുവാനുള്ള സന്നദ്ധതയോടുകൂടിതന്നെയാണ് ഒരു വിദ്യാഭ്യാസമന്ത്രിയായി ഈ പദ്ധതിയെ മന്ത്രി സ്വീകരിച്ചു കാണുന്നതു്. അതിലേക്ക് ശക്തിയുക്തമായി ഒരു ഉറച്ച നിലപാട് സ്വീകരിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

സാഹിബ്ബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു്: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. സെക്കൻററി സ്കൂൾ അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുക്കുന്നതിനുള്ള വിഷമതകൾ പരിഹരിക്കുന്നതിനു ഗവൺമെണ്ടു് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പദ്ധതി പര്യാപ്തമല്ലെന്നാണ് എനിക്കു പറയാനുള്ളതു്. ഈ വിധത്തിൽ ഒരു പദ്ധതി ബഹുഭൂരിപക്ഷം ജനങ്ങൾക്കു് ആവശ്യമില്ലെന്നുള്ള ബോദ്ധ്യംകൊണ്ടാണു് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നതു്. ഇവിടെ മാനേജുമെൻറ സ്ക്കൂളുകൾ നിലനിൽക്കൊണ്ടു പോകേണ്ടയാവശ്യമില്ലെന്നതന്നെയാണു് ഈ രാജ്യത്തെ പൊതുജനാഭിപ്രായം. അങ്ങനെയുള്ള അഭിപ്രായം പ്രബലപ്പെട്ടിരിക്കുമ്പോൾ ഇപ്പോഴത്തെ നിലയിൽ 2 ലക്ഷത്തിൻെറ ഒരു സഹായധനം കൂടുതൽകൊടുക്കുന്നതുകൊണ്ടു യഥാർത്ഥത്തിൽ അതു ഇവിടത്തെ ജനവിഭാഗത്തിൻെറ പൊതു താല്പര്യത്തിനു വിരോധമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഇവിടെ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനു മാനേജുമെൻറിൽ നിന്നും ജനവിഭാഗങ്ങളിൽ നിന്നു എതിരുണ്ടാവുകയില്ല എന്നാണു കരുതിക്കൂട്ടിയിരിക്കുന്നതു്. ഇതു് ഈ രാജ്യത്തെ മന്ത്രിസഭയും ഒരു പ്രത്യേക ജനവിഭാഗവും കൂടിയുള്ള ഒരു ഒത്തുകളിയാണു് എന്നാണെനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു്. ഇന്നു സ്ഥാപിതതാൽപര്യക്കാരായ ആളുകൾ നടത്തുന്ന വിദ്യാലയങ്ങൾ പൊതുഉടമയിൽ ഗവൺമെണ്ടു് ഏറെറടുക്കണം, എന്നുള്ള ആവശ്യം പ്രബലപ്പെട്ടുവരുന്നുണ്ടു്. ആ പ്രത്യേക പ്രശ്നത്തെ ഇല്ലാതെയാക്കുന്ന ഒരു സംപ്രദായമാണു് ഇതു് എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. പണം കൊടുത്തു പ്രൈവെറേറജൻസികൾ നടത്തുന്ന വിദ്യാലയങ്ങളെ സഹായിക്കുന്നതിനു പകരം അതിനു പ്രോത്സാഹനം നൽകാതിരിക്കുവാനുള്ള ഒരു സംപ്രദായമാണു് ഇവിടെ സ്വീകരിക്കുവാൻപോകുന്നതെന്നുള്ളതു് വളരെ ആക്ഷേപാർഹമായ ഒരു കാര്യമാണു്. യഥാർത്ഥത്തിൽ ഗവൺമെൻറ് അദ്ധ്യാപകന്മാർക്കു ശമ്പളവും ഡീയർനസ്സ് അലവൻസും മറ്റും കൊടുക്കണമെന്നു നിശ്ചയിച്ചതുതന്നെ ഗവൺമെണ്ടിനു പിൻമാറുവാൻ പാടില്ലാത്ത ഒരു തീരുമാനമാണു്. ശരിയായി നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാത്ത മാനേജുമെൻറ് സ്കൂളുകൾ ഗവൺമെൻറ് ഏറെറടുത്തു അതിലേക്കു വേണ്ടി പണം ചെലവാക്കിയാൽ അതു ഈ രാജ്യത്തിൻെറ നന്മക്കുവേണ്ടി ചെലവാക്കുന്നതായിട്ടേ വരികയുള്ളൂ. ഗവൺമെൻറ് അങ്ങിനെയുള്ള വിദ്യാലയങ്ങളെ ഏറെറടുക്കണമെൻ പറയുമ്പോൾ അതിനു പകരം ആ വിദ്യാലങ്ങൾക്കു കൂടുതലായ സഹായങ്ങൾ ചെയ്യുകയെന്നുള്ള ഒരു നിലയാണു് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു്. കൂടാതെ ഇവിടത്തെ ഭരണപരമായ കാര്യങ്ങളിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു സഹതാപം കാണിക്കുന്ന നിലയാണു് ഗവൺമെണ്ടു് അംഗീകരിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഗവൺമെണ്ടു് ഫീസുപിരിവിൻെറ എൺപതുശതമാനം ട്രഷറിയിൽ അടയ്ക്കണം എന്നാവശ്യപ്പെട്ടതിൻെറ ഫലമായി സ്കൂൾ നടത്തിപ്പു് മാനമായും പൗരുഷത്തോടുംകൂടി കഴിഞ്ഞുപോകും എന്നാണു ഗവൺമെൻറ് ഉദ്ദേശിച്ചിരിക്കുന്നതു്. ഇന്നു് രാഷ്ട്രീയമായ ചില സം

LIBRARY ARCHIVES Kerala Legislative Assembly

ഗതികളെ സംബന്ധിക്കുന്ന മനോഭാവമുള്ള ആളുകളെ ജയിലിൽ അടയ്ക്കുന്ന സർക്കാർ ആ സർക്കാരിന്റെ മൗലികമായ ഉദ്ദേശത്തെ ലംഘിച്ചു കൊണ്ടല്ലേ ഇതിൽ പ്രവർത്തിക്കുന്നതു എന്നു ഞാൻ ചോദിക്കുന്നു. ഇതു് ഗവൺമെന്റിന്റെ വർഗ്ഗസ്വഭാവത്തെയാണു് കാണിക്കുന്നതു്: ഇതു് ഒരു ഒത്തുകളിയാണു്. ഈ ഒത്തുകളിക്കുവേണ്ടി ഗവൺമെന്റിൽ നിന്നും ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുന്നതു്; ഒരുരും ഇഷ്ടപ്പെടുകയില്ല എന്നാണു ഞാൻ പറയുന്നതു്. തത്പരമായ കാരണമാണെങ്കിൽ ആ പ്രശ്നത്തെ മുമ്പിൽവെച്ചുകൊണ്ടുവേണം ഇതു വ്യക്തമാക്കേണ്ടിയിരുന്നതെന്നാണു ഞാൻ പറയുന്നതു്. ഞാൻ അവസാനമായി ഈ മന്ത്രിസഭയെ അറിയിക്കുന്നതു് തത്പരമായും പ്രായോഗികമായും ഉള്ള നിലയിൽ ഈ രാജ്യത്തെ വിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്യാൽ പോരേയെന്നാണു്. മാനേജ്മെൻറായാലും സർക്കാർ ആയാലും തത്പരമായി വിദ്യാഭ്യാസം നൽകുവാൻ ജനകീയഭരണം തന്നെ വേണമെന്നില്ല. ജനകീയഭരണം വേണമെന്നു പറയുന്നതു് തത്പരമായ പ്രവർത്തനത്തിന്റെ ഒരടിസ്ഥാനത്തിലാണു്. അല്ലാതെ നല്ല ഭരണത്തിനു വേണ്ടിയല്ല. തത്പരമായി ചിന്തിക്കാതെ വിദ്യാഭ്യാസം നടത്തിക്കൊണ്ടുപോയാൽമതിയെങ്കിൽ നമുക്കു് ഏതെങ്കിലും ഒരു ഭരണം മാത്രം മതിയായിരുന്നു. ഒരു സൽഭരണംമാത്രം മതിയായിരുന്നു. അതിനു പറ്റിയതു് ഏകാധിപത്യഭരണമാണു്.

അതുകൊണ്ടു് തത്പരത്തെ അടിസ്ഥാനമാക്കിയുള്ള ഇന്നത്തെ അന്തരീക്ഷത്തിൽ മൗലികാവകാശങ്ങളുടെ പേരും പറഞ്ഞു നിൽക്കുന്നതു് വളരെ സങ്കടകരമായ ഒരു കാര്യമാണു്. സ്കൂളുകൾ നടത്തിക്കൊണ്ടുപോകുവാൻ മാനേജർമാർക്കു് അവകാശമുണ്ടെങ്കിലും അവരുടെ മൗലികാവകാശത്തെ ഇല്ലാതാക്കത്തക്കവണ്ണം ഇങ്ങനെയുള്ള പിന്തിരിപ്പൻ സംപ്രദായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു് ശരിയല്ലെന്നു പറഞ്ഞുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. സി. വി. ഇയ്യു: സർ, ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നതിനു് മുമ്പു്, ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഈ സഭയിൽ കഴിഞ്ഞയാഴ്ചയിൽ ഈ പ്രശ്നത്തെക്കുറിച്ചു് ഗവൺമെന്റിന്റെ നിലയെ വിശദീകരിച്ചു് ആവേശത്തോടുകൂടി ഒരു മറുപടി പ്രസംഗം ചെയ്തു. അതിനുശേഷം ഈ രാജ്യത്തുണ്ടായിട്ടുള്ള ചില പ്രത്യേക പരിതഃസ്ഥിതികളും വിദ്യാഭ്യാസകാര്യത്തിൽ ഉൽകണ്ഠയുള്ളതായ ചില സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരും ഭരണാധികാരികളും ഭരണസമിതികളും ഏതാനും ചില ദിവസങ്ങൾക്കുള്ളിൽ എടുത്തിട്ടുള്ള നയത്തെ ആസ്പദമാക്കീട്ടുള്ള അവരുടെ പ്രസ്താവനകളെ സംബന്ധിച്ചും ഗവൺമെന്റിന്റെ ഇപ്പോഴത്തെ നില, ഇവ എന്താണെന്നുള്ളതിനെക്കുറിച്ചു് ഒരു വിശദീകരണം വളരെ ആവശ്യമായിരിക്കുന്നു. അതു പറയാതെ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയോ എതിർക്കുകയോ ചെയ്യുന്നതു് ചിന്താശീലന്മാർക്കുചിതമാണോ എന്നാണെനിക്കു സംശയം. തിരുവിതാംകൂറിലെ സ്കൂളുകളെ സംബന്ധിച്ചിടത്തോളം എനിക്കറിവില്ല, തിരുവിതാംകൂറിലെ വിദ്യാഭ്യാസകാര്യത്തെക്കുറിച്ചും എനിക്കു നിശ്ചയമില്ല. കൊച്ചിയിലെ സ്കൂളുകളെക്കൂടി ബാധിക്കുന്ന ഒരു പദ്ധതിയായതുകൊണ്ടു് അവിടെയും ഇപ്പോൾ ചില വ്യത്യാസങ്ങൾ വന്നിരിക്കുന്നതുകൂടി പരിഗണിക്കേണ്ടിയിരിക്കുന്നു. ദിവസംമുമ്പു് എറണാകുളത്തുവച്ചുകൂടിയ റോമൻകാത്തലിക്കു് ആർച്ചുബിഷപ്പുമാരുടെയും ബിഷോപ്പുമാരുടെയും കാൺഫറൻസിൽ ചെയ്ത ചില തീരുമാനങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ അടിയന്തിരമായി കൊണ്ടുവരുന്നതു് അത്യാവശ്യമാണു്. ഗവൺമെന്റിന്റെ ഈ പദ്ധതി റോമൻ കത്തോലിക്കർ സ്വീകരിക്കണമെങ്കിൽ;—

LIBRARY ARCHIVES Kerala Legislative Assembly

"Provided that all the provision in the said Government proceedings and press note regarding selection and appointment of heads of schools and teachers shall be deleted from it and full freedom of appointment guaranteed to the management as before;

Provided that this deposit shall not in any way be construed as an admission on the part of the management that any portion of the fee income is Government money;

and also reserving to ourselves the right to question the legal validity of this measure."

വേറെ ഒരു ഭാഗത്തു പറയുന്നു

"Catholic schools are the property of the Church and it is the duty of every Catholic to preserve them and not to do anything that would worsen the existence and conduct of Catholic Schools."

അതിനു താഴെ പറയുന്നു.

"We expect that all Catholics will exert their utmost to keep our schools in full working conditions and at the same time to secure from Government our legitimate share of the grant-in-aid for paying adequate salary to our teachers without sacrificing any of our rights."

ഇതു വളരെ വളരെ പ്രാധാന്യമർഹിക്കുന്ന ചില വാചകങ്ങളാണ്.

ഞാൻ റോമൻ കത്തോലിക്കനല്ലെങ്കിലും കത്തോലിക്കാ ആദർശം ഉള്ള ജനവിഭാഗത്തിലുൾപ്പെട്ടയാൾ ആണ്. എന്നെ സംബന്ധിച്ചിടത്തോളവും ധനകാര്യമന്ത്രി ബഹു. ജോണിനെ സംബന്ധിച്ചിടത്തോളവും ഈ പദ്ധതിയെ സംബന്ധിച്ച് വലിയ കുഴപ്പങ്ങൾ ഒന്നും ഉണ്ടാകാൻ പോകുന്നില്ല. ഞങ്ങൾക്ക് ഇപ്പോൾ കൂടികളില്ല. ഇനിയും ഉണ്ടാകാൻ പോകുന്നതുമില്ല. എന്നാൽ ചെറുപ്പക്കാരായ നിയമസഭാംഗങ്ങൾക്ക് ധാരാളം സന്താനങ്ങളുണ്ടാകും. അവർക്കാണ് വിഷമതകൾ ഉണ്ടാകുന്നതു്. ഈ രാജ്യത്തെ സ്കൂളുകൾ അധികവും റോമൻ കത്തോലിക്കരുടേതാണ്. ആ സംഘടനയാണ് നമ്മുടെ രാജ്യത്തിലെ കുട്ടികളെ വിദ്യാഭ്യാസസമ്പന്നരാക്കിത്തീർക്കുന്നതിനു് മറ്റു റോമൻ കത്തോലിക്കരല്ലാത്ത സംഘടനളേപ്പോലെയോ അതിൽ കൂടുതലോ പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ളതു്. തീർച്ചയായിട്ടും ലാഭം അവരുടെ ആലോചനയിൽപോലും വന്നിട്ടില്ല. ലോകത്തിലെ ഒരു വലിയ വിദ്യാഭ്യാസസ്ഥാപനമാണ് റോമൻ കത്തോലിക്കസംഘടന. സോവിയറ്റു റഷ്യയിൽപോലും റോമൻകത്തോലിക്കരെ വിദ്യാഭ്യാസകാര്യത്തിൽ വഴിപ്പെടുത്താൻ സാധിച്ചില്ല. വിദ്യാഭ്യാസവിഷയം സംബന്ധിച്ച് റോമൻ കത്തോലിക്ക സംഘടനയ്ക്ക് ലോകവ്യാപകമായ ഏക നയമാണ് അനുവർത്തിക്കാനുള്ളതു്. ജനാധിപത്യ രാജ്യങ്ങളിൽ വച്ച് ഏറ്റവും മുന്നണിയിൽ നിൽക്കുന്ന ഇംഗ്ലണ്ടിൽ കത്തോലിക്കർക്ക് പ്രത്യേകം സ്കൂളുകൾ നടത്തുന്നതിനു് അധികാരവും അവകാശവും നല്കിയിട്ടുണ്ട്. അമേരിക്ക വേറൊരു ജനാധിപത്യരാജ്യമാണ്. അവിടെ കത്തോലിക്കായുണിവേഴ്സിറ്റികൾതന്നെ ഉണ്ട്. ഇങ്ങനെ പ്രൈവറ്റു സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസകാര്യത്തിൽ അവകാശങ്ങൾ കൊടുത്തുകൊണ്ട് അവിടത്തെ ജനാധിപത്യത്തിനു് എന്തെങ്കിലും കോട്ടം തട്ടിയതായി അറിവില്ല. നാം ആ രാജ്യക്കാരിൽനിന്നും കാര്യങ്ങൾ പകർത്തുമ്പോൾ ഈ വക കാര്യങ്ങളിൽകൂടി അവരെ അനുകരിക്കേണ്ടതാണ്. അല്ലാതെ ചില കാര്യങ്ങളിൽ അവരെ പകർത്തുകയും കുറെ പകർത്താതിരിക്കുകയും ആയി കുഴഞ്ഞമട്ടിൽ ചെയ്യരുതു്. ചില സ്കൂളുകളിൽ മാനേജരന്മാർ ഫീസു തന്നെ പിരിക്കുന്നില്ല എന്നു വയ്ക്കുക. അങ്ങിനെയാണെങ്കിൽ അവർ ടഷറിയിൽ ഒരു കുട്ടിക്ക് ഇത്ര രൂപ ഫീസ് എന്ന കണക്കുവച്ച് ഉള്ള രീതിയിലുള്ള പണം അടയ്ക്കണമോ അടച്ചില്ലെങ്കിൽ ആ സ്കൂളുകളെ ഗവൺമെണ്ട് കമാൻറിയർ ചെയ്യുമോ? ആ സ്കൂള

LIBRARY ARCHIVES Kerala Legislative Assembly

കളിലെ വാദ്ധ്യാന്മാക്ക് ഗവണ്മെണ്ടു് ശമ്പളം കൊടുക്കുമോ? ഈ വിഷയങ്ങളും എല്ലാം അറിയാൻ ആഗ്രഹിക്കുന്നു. ചില സ്കൂളുകളിൽ ഗവണ്മെണ്ടു നിയമിച്ചിട്ടുള്ള യോഗ്യതയിൽ കൂടുതൽ യോഗ്യതയുള്ളവരെ മാനേജരന്മാർ നിയമിക്കുന്നു. പുതിയ വിദ്യാഭ്യാസപദ്ധതി അനുസരിച്ചു് കൂടുതൽ ഫീസു കൊടുപ്പാൻ നിവർത്തിയില്ലാത്ത സ്കൂളുകളിലെ കുട്ടികൾക്കു് പഠിത്തം മതിയാക്കേണ്ടിവരുന്നു. അങ്ങിനെയുള്ള കുട്ടികളുടെ പഠിത്തം സംബന്ധിച്ചു എന്തു ചെയ്യാൻ പോകുന്നു. ഇതെല്ലാം അറിഞ്ഞാൽകൊള്ളാം. ചില സ്കൂളുകളിൽ മാനേജരന്മാർ കുട്ടികൾക്കു് ഫീസു അവരുടെ കയ്യിൽനിന്നും കൊടുത്തു പഠിപ്പിക്കുന്നു. ഈ കാര്യങ്ങളിലെല്ലാം ഗവണ്മെണ്ടിന്റെ നയം എന്തെന്നറിഞ്ഞിട്ടു് ഞാൻ എന്റെ അഭിപ്രായം പറയാം. തിരുവിതാംകൂറിലെ നിരക്കിന്റെ ഇരട്ടിയിലധികമാണു് ഇപ്പോഴും കൊച്ചിയിൽ പിരിച്ചുവരുന്നതു്. കൊച്ചിയിലെ വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ ഫീസു് തിരുവിതാംകൂറിനോടൊന്നിപ്പിച്ചു സമീകരിക്കുമോ? അഥവാ സെക്കൻണ്ടറി സ്കൂളുകളിലെ ഫീസുപോലും എടുത്തുകളയാൻ തയാറുണ്ടോ? ഈ കാര്യങ്ങളിൽ കാൺഗ്രസ് പക്ഷമായ ഹിന്ദുവിന്റെ അഭിപ്രായമെന്തെന്നുനോക്കാം.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള : സർ, ഇങ്ങനെ ധാരാളം വായിച്ചു സഭയുടെ സമയം നഷ്ടപ്പെടുത്താമോ?

മിസ്റ്റർ സ്പീക്കർ : എന്താണു് ചെയ്യുന്നതെന്നു അറിയട്ടെ.

Sri. C. V. Iyyu : The Education Minister's contention that this step.....

.....

മിസ്റ്റർ സ്പീക്കർ : പത്രം ഇവിടെ വായിക്കേണ്ട. പത്രത്തിന്റെ അഭിപ്രായം മനസ്സിലാക്കി പറഞ്ഞാൽ മതി.

ശ്രീ. സി. വി. ഇയ്യു : സർ, ഇതു് കാൺഗ്രസ് പത്രമാണു്. എനിക്കു കാൺഗ്രസ്സിനോടു് പ്രതിപത്തിയൊന്നും ഇല്ല. എങ്കിലും ഇതു കാൺഗ്രസ് പത്രമായതുകൊണ്ടും ഇവിടെ ഭരണം നടത്തുന്നതു് കാൺഗ്രസു് പാർട്ടിയായതുകൊണ്ടും ആ പത്രത്തിന്റെ അഭിപ്രായം കാൺഗ്രസു് ഗവണ്മെണ്ടിനു് ആദരണീയമായിരിക്കുമെന്നുവച്ചു് വായിച്ചതാണു്. വളരെ പ്രസിദ്ധിയേറിയ ഈ കാൺഗ്രസു് പത്രം ഗവണ്മെണ്ടിന്റെ വിദ്യാഭ്യാസപദ്ധതിയെ എതിർത്തിരിക്കയാണു്. ഇതിനെക്കുറിച്ചുള്ള മിനിസ്റ്റർമാരുടെ അഭിപ്രായമറിഞ്ഞിട്ടു് ഞാൻ എന്റെ അഭിപ്രായം പറയാം.

ശ്രീമതി ആനിജോസഫ് : സർ, ഈ സഭയിൽ ഈ പുതിയ വിദ്യാഭ്യാസപദ്ധതിയെപ്പറ്റി പലരും സംസാരിച്ചുകേട്ടു. ചിലർ പറയുന്നതു് മാനേജരന്മാരെ പ്രീതിപ്പെടുത്താനാണെന്നും മറെ ചിലർ പറയുന്നതു് മാനേജരന്മാരെ ഉപദ്രവിക്കാനാണെന്നുമാണു്. ഇതു രണ്ടുമല്ലാത്ത ഈ പദ്ധതിയെ അനുകൂലിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടു്. പരമാർത്ഥത്തിൽ ഈ വിദ്യാഭ്യാസപദ്ധതി രാജ്യത്തിൽ വളരെ അധികം കോളിളക്കം ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണു്. അദ്ധ്യാപകന്മാക്കു് ഇപ്പോഴും അവർക്കു കിട്ടുന്ന ശമ്പളംകൊണ്ടു് റേഷൻ വാങ്ങാൻപോലും തികയുന്നില്ല. അങ്ങനെയിരിക്കെ ഈ നിലയിൽ കഴിയുന്ന ഏകദേശം പത്തുപതിനായിരം അദ്ധ്യാപകന്മാക്കു് മാനമായി ജീവിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള ഒരു പദ്ധതിയാണു് ഈ പുതിയ വിദ്യാഭ്യാസപദ്ധതി. അതുകൊണ്ടു് ചിന്താശീലരായ ആരും ഇതിനെ എതിർക്കുകയില്ല. ഈ എൺപതു ശതമാനം ട്രഷറിയിൽ അടയ്ക്കുന്ന സമ്പ്രദായത്തെയല്ല വാസ്തവത്തിൽ ഈ മാനേജരന്മാർ എതിർക്കുന്നതു എന്നു് ഒന്നാലോചിച്ചാൽ മനസ്സിലാകുന്നതാണു്. ശ്രീമാൻ പാച്ചുപിള്ള ഗവണ്മെണ്ടു ചെയ്യുമെന്നു് അദ്ദേഹം പ്രതീക്ഷിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Sry. Annie Joseph]

